# അംഗപരിമിതരായ യുവപ്രതിഭകളെ കണ്ടെത്തുന്ന പദ്ധതി

1. K-DISC, സാമൂഹിക നീതി വകുപ്പ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (NISH), കേരള സാമൂഹ്യ സുരക്ഷാമിഷൻ (KSSM) എന്നിവയുമായി സഹകരിച്ച് അംഗപരിമിതരായ യുവപ്രതിഭകളെ കണ്ടെത്തുന്നു. പ്രതിഭാധനരും, സർഗ്ഗശക്തിയുള്ളവരും, നൂതനമായ കണ്ടെത്തലുകൾ നടത്തിയിട്ടുള്ളവരും, വ്യത്യസ്തമായി ചിന്തിച്ച് പ്രവർത്തനങ്ങളിലൂടെ പുതിയ കണ്ടെത്തലുകൾ നടത്തുന്നവരുമായ 15 നു മേൽ 40 വയസ്സിന് താഴെ പ്രായമുള്ള 100 ഭിന്നശേഷിക്കാരെ കണ്ടെത്തി അവർക്ക് കൂടുതൽ അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും ലഭ്യമാക്കി പ്രാപ്തരാക്കുക എന്നതാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം.
2. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജനുവരി 31, 2019

## പ്രതിഭാ തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ

3. കേരളത്തിൽ വസിക്കുന്ന(Resident), 15 നും 40 നും മധ്യേ പ്രായമുള്ളവരും 40% ത്തിലോ അതിലധികമോ ഭിന്നശേഷിയുള്ളവരും, സവിശേഷമായ കഴിവുകൾ,

നൂതനമായ കണ്ടെത്തലുകൾ പ്രത്യേക പ്രതിഭയുള്ളവർ തുടങ്ങിയവയുള്ളവരും ആയിരിക്കണം.

4. താഴെപ്പറയുന്ന അംഗപരിമിതിയുള്ളവർക്ക് അപേക്ഷിക്കാം

വിഭാഗം 1. അന്ധത

കാഴ്ച്ചക്കുറവ്

വിഭാഗം 2. ബധിരത

കേൾവിക്കുറവ്

സംസാരഭാഷ വൈകല്യം

വിഭാഗം 3. കുഷ്ഠരോഗം ചികിത്സിച്ച് ഭേദമായവർ

ചലന വൈകല്യം

ഹ്രസ്വകായത്വം

ആസിഡ് ആക്രമണത്തിന് ഇരയായവർ

അരിവാൾരോഗം

ഹീമോഫീലിയ

തലസീമിയ

വിഭാഗം 4. ബുദ്ധിപരമായ വൈകല്യം

ഓട്ടിസം

പഠനവൈകല്യം

മാനസികരോഗം

വിഭാഗം 5. സെറിബ്രൽ പാൽസി

മസ്കുലർ ഡിസ്ട്രോഫി

മൾട്ടിപ്പി ൾ സ്ക്ലീറോസിസ്

വിഭാഗം 6. ബഹുവൈകല്യം

## പ്രതിഭാ/പ്രാഗത്ഭ്യ മേഖലകൾ

5. താഴെപറഞ്ഞിരിക്കുന്ന മേഖലകളിൽ ഏതെങ്കിലും 2 മേഖലകളിൽ പ്രത്യേക പ്രാഗത്ഭ്യം ഉള്ളവർക്കാണ് ഈ പരിപാടിയിൽ പങ്കെടുക്കാവുന്നത്.

a. STEM (സയൻസ്, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, മാത്സ്)
b. വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ടവ (മൊബൈൽ ആപ്പുകളുടെ വികസനം തുടങ്ങിയവ)
c. കരകൌശലം (പ്രത്യേകിച്ചും തദ്ദേശീയ വസ്തുക്കളും രീതികളും ഉപയോഗിച്ച് വികസിപ്പിച്ചവ)
d. കലയും ചിത്രരചനയും
e. ഭക്ഷണം, ആരോഗ്യം. ജീവിതശൈലീ മേഖലകളിലെ നൂതനമായ ആശയങ്ങളോ പ്രവർത്തനങ്ങളോ
f. സംഗീതം (വോക്കൽ, ഉപകരണ സംഗീതം, രചന)
g. നൃത്തം
h. ക്രിയാത്മക സാഹിത്യരചനകൾ
i. വീഡിയോ ക്ലിപ്പുകൾ (മൊബൈൽ ഫോൺ ഉൾപ്പെടെയുള്ളവ ഉപയോഗിച്ച് നിർമ്മിച്ചത്)
j. പുതിയതോ വ്യത്യസ്ഥമായതോ ആയ ആശയങ്ങൾ ബിസിനസ് മോഡൽ തുടങ്ങിയവ - (കാർഷികമേഖല, പ്രകൃതി വിഭവ പരിപാലനം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം തുടങ്ങിയ മേഖലകളിൽ)

## സെലക്ഷൻ നടപടിക്രമം

6. അപേക്ഷകൻ നേരിട്ടോ, അപേക്ഷകന് വേണ്ടി രക്ഷിതാക്കൾ, ലീഗൽ ഗാർഡിയൻസ്, അദ്ധ്യാപകർ, കെയർടേക്കർമാർ തുടങ്ങിയവർക്കോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
7. അപേക്ഷകൾ ഓൺലൈനായി മാത്രമേ സമർപ്പിക്കാൻ കഴിയുകയുള്ളൂ. താഴെപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളുടെ വെബ് സൈറ്റുകൾ വഴി അപേക്ഷിക്കാവുന്നതാണ്.
   - KDISC
   - NISH
   - KSSM
   - സാമൂഹിക നീതി വകുപ്പ്
8. അപേക്ഷാഫാറത്തിലുള്ള നിർദ്ദേശങ്ങൾ പ്രകാരം അപേക്ഷകൾ പൂർണ്ണമായി പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.
9. നേരിട്ട് അപേക്ഷകൾ സമർപ്പിക്കാൻ പ്രയാസമുള്ളവർക്ക് അക്ഷയ കേന്ദ്രങ്ങൾ വഴി സൌജന്യമായി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.
10. തെറ്റായ വിവരങ്ങൾ നൽകുന്നവരെ അയോഗ്യരാക്കുകയും, തുടർഘട്ടങ്ങളിൽ ഒഴിവാക്കുകയും ചെയ്യുന്നതാണ്.
11. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ജനുവരി 31.

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

12. താഴെപ്പറഞ്ഞിരിക്കുന്ന രേഖകൾ അപേക്ഷപൂരിപ്പിക്കുന്നതിനു മുമ്പ് തയ്യാറാക്കിയിരിക്കേണ്ടതാണ്.
    a. അപേക്ഷകന്റെ സ്കാൻ ചെയ്ത ഫോട്ടോ (10 MB യിൽ കൂടാതെ)

b. അംഗപരിമിതിയുടെ തരവും ശതമാനവും തെളിയിക്കുന്ന അംഗപരിമിതി സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത കോപ്പി (10 MB യിൽ കൂടാതെ)

c. പ്രാഗത്ഭ്യം സാധൂകരിക്കുന്ന 2 രേഖകളുടെ സ്കാൻ ചെയ്ത കോപ്പി (സർട്ടിഫിക്കറ്റ്, ഫോട്ടോസ്, പത്രവാർത്തകൾ, തുടങ്ങിയവ) (10 MB യിൽ കൂടാതെ)

d. താങ്കളെക്കുറിച്ച് നേരിട്ടറിയാവുന്ന രണ്ട് വ്യക്തികളുടെ പേരും, മേൽവിലാസവും ഫോൺ നമ്പരും (അധ്യാപകർ, പരിപാലകർ, പ്രിൻസിപ്പൽ, ജനപ്രതിനിധികൾ ഡോക്ടർമാർ മുതലായവർ)

e. പ്രാഗത്ഭ്യവുമായി ബന്ധപ്പെട്ട വീഡിയോ ക്ലിപ്പുകൾ (10 MB യിൽ കൂടാതെ)

13. അപേക്ഷ സമർപ്പിക്കുന്നത് അപേക്ഷകനല്ലെങ്കിൽ താഴെപ്പറഞ്ഞിരിക്കുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്

a. ഒപ്പിന്റെ സ്കാൻ ചെയ്ത കോപ്പി (10 MB യിൽ കൂടാതെ)

b. അംഗീകൃത തിരിച്ചറിയൽ കാർഡിന്റെ സ്കാൻ ചെയ്ത കോപ്പി (10 MB യിൽ കൂടാതെ)

## സംസ്ഥാനതല പുനപരിശോധന, അവലോകന സംവിധാനങ്ങൾ

14. സംസ്ഥാനതലത്തിൽ പ്രതിഭാ സെർച്ചുമായി ബന്ധപ്പെട്ടുള്ള പരാതികൾ, റിവ്യൂവുകൾ തുടങ്ങിയവയ്ക്കായി ഒരു സ്വതന്ത്ര പാനലിനെ K-DISC രൂപീകരിക്കുന്നതായിരിക്കും

15. സെലക്ഷൻ സംബന്ധിച്ച പരാതികൾ, പുനപരിശോധനാ അപേക്ഷകൾ, അപേക്ഷ ലഭിച്ച് 5 പ്രവർത്തി ദിവസത്തിനുള്ളിൽ രേഖാമൂലം NISH സെക്രട്ടേറിയറ്റിന് നൽകേണ്ടതാണ്
16. പരാതി സംബന്ധിച്ച് സ്വതന്ത്രപാനൽ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും

## ഹെൽപ്പ് ലൈൻ

17. പരിപാടിയുമായി ബന്ധപ്പെട്ട സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനായി താഴെപ്പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുമായി ബന്ധപ്പെടാവുന്നതാണ്.

    ഹെൽപ്പ് ലൈൻ നം. **1800 120 1001**

## തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള സഹായങ്ങൾ

18. തെരഞ്ഞെടുക്കപ്പെടുന്ന 100 ഓളം പേർക്കായി NISH 6 ദിവസം നീണ്ട് നിൽക്കുന്ന ഒരു നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നതായിരിക്കും.
19. ഇതിൽ നിന്ന് നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന 20 ഓളം വരുന്ന അംഗപരിമിതരായ യുവപ്രതിഭകളെ തെരഞ്ഞെടുത്ത് “Innovation By Youth with Disability” എന്ന പരിപാടിയിൽ പങ്കെടുപ്പിക്കുന്നതായിരിക്കും.
20. ബാക്കിവരുന്ന 80 ഓളം പേരെ അവരുടെ പ്രതിഭയുടെയും മികവിന്റെയും അടിസ്ഥാനത്തിൽ തുടർ വൈദഗ്ദ്യ പരിശീലനവും മാർഗ്ഗനിർദ്ദേശവും (മെന്ററിംഗും) നല്കുന്നതായിരിക്കും.